LIBRARY ARCHIVES Kerala Legislative Assembly

വ്യാജ അരിഷ്ടം കഴിച്ച് മരിച്ച സംഭവം

75 (83) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ അരിഷ്ടക്കടയിൽ നിന്നും വ്യാജ അരിഷ്ടം കഴിച്ച് ആളുകൾ മരണപ്പെട്ട സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന അനധികൃത ആയുർവേദ ആശുപത്രികളുടെ പ്രവർത്തനം നിരോധിക്കുന്നതിനു നടപടി സ്വീകരിക്കുമോ ;

(സി) അനധികൃത ആയുർവേദ കടകളിൽ നിന്നും വ്യാജ അരിഷ്ടം കുടിച്ച് മരണപ്പെട്ട ആളുകളുടെ പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ അരിഷ്ടത്തിൽ കലർത്തിയ രാസവസ്തു ഏതെന്നു വ്യക്തമായിട്ടുണ്ടോ ;

(ഡി) ജില്ലയിലെ വ്യാജ അരിഷ്ട കച്ചവടം തടയുന്നതിനു കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനധികൃത ആയുർവേദ ആശുപത്രികളുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇല്ല. മരിച്ചവരുടെ രക്തവും വിസറയും രാസപരിശോധനയ്ക്ക് അയച്ചിരിക്കുകയാണ്.

(ഡി) വ്യാജ അരിഷ്ട കച്ചവടം തടയുന്നതിനായി ജില്ലയിൽ കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നു.

പണിമുടക്കിനെ നേരിടുന്നതിന് സ്വീകരിച്ച മുൻകരുതൽ

76 (84) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 11-5-2000 -ൽ സംസ്ഥാനത്ത് നടന്ന പണിമുടക്കിനെ നേരിടുന്നതിനും ആഫീസ് പ്രവർത്തനം സുഗമമായി നടത്തുന്നതിനും എന്തെല്ലാം മുൻകരുതൽ ചെയ്തിരുന്നു ;

(ബി) സാധാരണയായി പണിമുടക്കുണ്ടാകുന്ന ദിവസങ്ങളിൽ സെക്രട്ടേറിയറ്റ് ക്യാന്റീൻ തുറന്ന് പ്രവർത്തനം നടത്താറുണ്ടോ ;

(സി) അന്ന് ക്യാന്റീൻ തുറന്ന് പ്രവർത്തനം നടത്തണമെന്ന് സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ഏതെങ്കിലും സംഘടന ആവശ്യപ്പെട്ടിരുന്നുവോ ;

(ഡി) എങ്കിൽ അതനുസരിച്ച് ക്യാന്റീൻ തുറന്നു പ്രവർത്തിച്ചിരുന്നുവോ, ഇല്ലെങ്കിൽ കാരണമെന്ത് ;

(ഇ) സെക്രട്ടേറിയറ്റിൽ ജോലി ചെയ്യുന്നതിനെത്തിയവർക്ക് ഉച്ചഭക്ഷണം ലഭിച്ചത് എപ്രകാരമായിരുന്നുവെന്ന് അറിയിക്കുമോ ?